Draft #20 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 01-Oct-2022 01:26 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം:- ഫിനാൻസ് ഓഫീസറുടെ ഓഫീസ് വിപുലീകരണം, വിവിധ ഭരണ/അക്കാദമിക്/ഫിനാൻസ് സെക്ഷനുകൾ മാറ്റി സ്ഥാപിക്കുന്നത് - അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 10176/AD A1/2022/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 01.10.2022

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം. 6414/AD A1/2022/എം.ജി.യു., തീയതി: 21.06.2022.

2. ബഹു.വൈസ് ചാൻസലറുടെ 27.09.2022 തീയതിയിലെ നമ്പർ: വി.സി.702/2/136/2022 പ്രകാരമുള്ള കുറിപ്പ്.

**ഉത്തരവ്**

ഭരണപരമായ സൗകര്യം കണക്കിലെടുത്ത് വിവിധ സെക്ഷനുകൾ താഴെപ്പറയുംവിധം മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് വൈസ് ചാൻസലർ പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലാ ഭരണവിഭാഗത്തിൽ രണ്ടാം നിലയിൽ റിസർച്ച് ഡയറക്ടറുടെ ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ഐ.ടി. സെല്ലും ഹാർഡ് വെയർ ക്ലിനിക്കും ഐ.ക്യു.എ.സി. ഹാളിനടുത്തേക്ക് മാറ്റി സ്ഥാപിച്ചിരുന്നു. സർവ്വകലാശാലാ അക്കാദമിക്, റിസർച്ച് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ സെക്ഷനുകൾ ഒന്നിച്ച് ഒരു ഹാളിൽ പ്രവർത്തിപ്പിക്കുന്നത് ഭരണപരമായി സൗകര്യപ്രദവും, സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനു ഉപകാരപ്രദവുമാണെന്നത് പരിഗണിച്ച്, Ac A2, Ac A6, Ac A10, Ac A11, Ac A13 എന്നീ സെക്ഷനുകളും, അസിസ്റ്റൻറ് രജിസ്ട്രാർ-4 (അക്കാദമിക്)-ൻറെ ഓഫീസും, ഐ.ടി. സെല്ലും ഹാർഡ് വെയർ ക്ലിനിക്കും പ്രവർത്തിച്ചിരുന്ന സ്ഥാനത്തേക്ക് മാറ്റുന്നതിന്.
2. നിലവിൽ റിസർച്ച് സെക്ഷനുകൾക്കൊപ്പം പ്രവർത്തിക്കുന്ന കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ, പരാമർശം (1) പ്രകാരം നിർത്തലാക്കിയ Ad B6 സെക്ഷൻ പ്രവർത്തിച്ചിരുന്ന സ്ഥലത്തേക്ക് മാറ്റുന്നതിന്.
3. ഫിനാൻസ് കമ്പ്യൂട്ടർ സെല്ലും, അസിസ്റ്റൻറ് രജിസ്ട്രാർ-3 (ഫിനാൻസ്)-ൻറെ ഓഫീസും നിലവിൽ റിസർച്ച് സെക്ഷനുകൾ പ്രവർത്തിക്കുന്ന ഹാളിൽ, റിസർച്ച് ഡയറക്ടറുടെ ഓഫീസ് മുറിയോട് ചേർന്ന് പാർട്ടീഷൻ നൽകി മാറ്റുന്നതിന്.
4. ഫിനാൻസ് ഓഫീസറുടെ ഓഫീസിന് കൂടുതൽ സ്ഥലസൗകര്യം ആവശ്യമാണെന്നത് പരിഗണിച്ച്, നിലവിൽ ഫിനാൻസ് ഓഫീസറുടെ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന Ad B3, Ad B5 സെക്ഷനുകളും, എസ്റ്റേറ്റ് ഓഫീസറുടെ ഓഫീസും ഫിനാൻസ് കമ്പ്യൂട്ടർ സെല്ലിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന്.
5. നിലവിൽ CAP സെല്ലിനോട് ചേർന്ന് പ്രവർത്തിക്കുന്ന Ac B7 സെക്ഷൻ, Ac A6 സെക്ഷൻ

പ്രവർത്തിച്ചിരുന്ന സ്ഥലത്തേക്ക് മാറ്റുന്നതിന്.

6. Ad A9 സെക്ഷൻറെ സ്ഥലപരിമിതി പരിഗണിച്ച് അസിസ്റ്റൻറ് രജിസ്ട്രാർ-4 (അക്കാദമിക്) ഉപയോഗിച്ചിരുന്ന സ്ഥലംകൂടി Ad A9 സെക്ഷന് നൽകുന്നതിന്.

7. നിലവിൽ എസ്റ്റേറ്റ് ഓഫീസർ ഉപയോഗിക്കുന്ന ഓഫീസ് മുറി, സർവ്വകലാശാല എക്സ്റ്റേണൽ ഓഡിറ്റ് ആവശ്യങ്ങൾക്കായി നൽകുന്നതിന്.

8. അക്കാദിമിക്/റിസർച്ച് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് പി.എച്ച്.ഡി. സംബന്ധമായ പരീക്ഷാ ജോലികൾ നിർവ്വഹിക്കുന്ന EB 10, EB 14 സെക്ഷനുകൾ കൂടി ഭരണവിഭാഗത്തിൻറെ മേൽനോട്ടത്തിൽ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് റിസർച്ച് കമ്മറ്റി, പ്രൊ വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, റിസർച്ചുമായി ബന്ധപ്പെട്ട മറ്റ് പ്രതിനിധികിൽ എന്നിവരുമായി ചർച്ച നടത്തുന്നതിന്.

മേൽ പരാമർശിച്ചവയുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ജോലി നിർണ്ണയിച്ചുനൽകുന്നതിനും രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.സെക്ഷനുകൾ/ സെന്ററുകൾ/പഠന വകുപ്പുകൾ
2. വൈസ് ചാൻസലർ / പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. റിസർച്ച് ഡയറക്ടർ/എസ്റ്റേറ്റ് ഓഫീസർ
5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
6. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി.സർവ്വകലാശാല
7. പി. ആർ. ഒ./ഐ.ടി.സെൽ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് /കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
8.റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #20 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 01-Oct-2022 01:26 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം